ഉത്തരം

(എ) പ്രോജക്ടിനായുള്ള സ്ഥലമെടുപ്പ് ഇപ്പോൾ അവസാന ഘട്ട ത്തിലാണ്.

(ബി) ഏകദേശം 415 ഏക്കർ ഭൂമി, 78/- ലക്ഷത്തോളം രൂപ ചെലവാ യിട്ടുണ്ട്.

(സി) ഇനി ഏകദേശം 185 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കാനുണ്ട്. അതിലേയ്ക്കായി കേരളം ലാന്റ് അക്വസിഷൻ ആക്ട് പ്രകാരം ആലപ്പുഴ ആർ.ഡി.ഒ. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ലാന്റ് അക്വിസിഷൻ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് ജില്ലാ കളക്ടറുടെ പക്കലുള്ള ലഭ്യമായ തുക ചെലവഴിക്കുന്നതാണ്.

ഫാം ഫോറസ്ട്രി നഴ്സറികൾ

45 (1000)ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. നാലകത്തു സൂപ്പി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഏൽപ്പിച്ച ഫാം ഫോറസ്ട്രി നഴ്സറികൾ നിർമ്മിക്കാൻ എത്ര പഞ്ചായത്തുകളെ തെര ഞ്ഞെടുത്തു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ പഞ്ചായത്തിനും ഇതിലേയ്ക്കായി എന്തു തുക വീതം നൽകി;

(സി) എത്ര പഞ്ചായത്തുകൾ തുക കൈപ്പറ്റി;

(ഡി) കൈപ്പറ്റിയ തുക ചെലവഴിച്ചത് സംബന്ധിച്ച് കണക്ക് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; പദ്ധതി എത്രത്തോളം പൂർത്തീകരിച്ചു വെന്നു വ്യക്തമാക്കുമോ

(ഇ) കണക്ക് ഹാജരാക്കുന്നതിന് കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 250 പഞ്ചായത്തുകളെ തെരഞ്ഞെടുത്തു.

(ബി) ഒരു ലക്ഷം രൂപ വീതം.

(സി) 170 പഞ്ചായത്തുകൾ തുക കൈപ്പറ്റിയിട്ടുണ്ട്..

(ഡി)&(ഇ) ചുരുക്കം ചില പഞ്ചായത്തുകൾ ഒഴികെ മറ്റു പഞ്ചായ ത്തുകൾ കണക്കുകളും പൂർത്തീകരണ റിപ്പോർട്ടുകളും സമർപ്പിച്ചിട്ടില്ല.

അനധികൃതമായി പട്ടയം നൽകിയവർക്കെതിരെ നടപടി

46(1001)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പേര്യ വില്ലേജിൽ പെട്ട സർവ്വേ നമ്പർ 88/1എ 3-ൽ പെട്ട വനത്തിൽ നിന്നും മരം വെട്ടിയത് ഗവണ്മെന്റിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly